**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4550** **01-07-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യരംഗത്ത് സഹകരണമേഖലയുടെ സംഭാവനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യരംഗത്ത് സഹകരണമേഖല നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ആരോഗ്യ രംഗത്ത് സഹകരണ മേഖല ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിലാണ് ആതുര സേവനരംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്നതിന് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രികൾ രൂപീകരിച്ചത്. നിലവിൽ ചെറുതും വലുതുമായ 73 ൽ പരം ആശുപത്രികൾ കേരളത്തിലുടനീളം പ്രവർത്തിക്കുന്നുണ്ട്. ആതുര ശുശ്രൂഷ രംഗത്ത് മാത്രമല്ല മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം സഹകരണ മേഖലയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. സഹകരണ ആശുപത്രികളുടെ കീഴിൽ നഴ്സിംഗ് കോളേജുകളും, പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനായി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് കോളേജുകളും പ്രവർത്തിച്ച് വരുന്നു. കൂടാതെ ആശുപത്രി സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ ഹോസ്പിറ്റൽഫെഡിന്റെ നേതൃത്വത്തിൽ ആശുപത്രി സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. സഹകരണ ആശുപത്രികൾ വഴി നടത്തിവരുന്ന പാലിയേറ്റീവ് കെയർ പദ്ധതി മുഖേന വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്നു. സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ |

| | | | |
|---|---|---|---|
| | | | സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സഹകരണ ആശുപത്രികളിൽ മെഡിസെപ്പ് പദ്ധതി എംപാനൽ ചെയ്തിട്ടുണ്ട്. |
| (ബി) | പാലിയേറ്റീവ് കെയർ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സഹകാരി സമൂഹത്തിനും പൊതുജനങ്ങൾക്കും ഗുണകരമായി മാറിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ നടത്തുന്ന പാലിയേറ്റീവ് കെയർ പദ്ധതി ജനങ്ങൾക്കിടയിൽ നല്ല മതിപ്പുളവാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകളിൽ ഒഴികെ നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതി നടന്നു വരുന്നു. ടി പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുകയും ചികിത്സാ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീടുകളിൽ എത്തിയ്ക്കുകയും, തുടർ ചികിത്സാ ആവശ്യമാണെങ്കിൽ നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും, മരുന്നുകൾ, ആംബുലൻസ് സൗകര്യം എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. |
| (സി) | പിന്നാക്ക, ആദിവാസി, പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സയും ആരോഗ്യസംരക്ഷണവും സഹകരണ മേഖലയിലൂടെ പ്രദാനം ചെയ്യുന്നതിന് പൈലറ്റ് പദ്ധതി നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലനം ഉറപ്പ് വരുത്തുന്നതിനായി സഹകരണ ആശുപത്രികൾക്ക് ഗ്രാന്റ്, ഓഹരി ഇനങ്ങളിൽ ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിക്കുകയും ടി പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് ആയി അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി, പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പദ്ധതി കാലയളവിൽ സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് ടി പദ്ധതിയിലൂടെ നിർവ്വഹിച്ചത്. ഗർഭിണികളായ സ്ത്രീകൾക്കും, ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ |

| | | | |
|---|---|---|---|
| | | | ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പിലാക്കിയത്. ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ